# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1801 — 06/07/15-ൽ മറുപടിക്ക്

## ടി.എം.ചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി

<u>ചോദ്യം</u>

ശ്രീ. സി.കെ. സദാശിവൻ

<u>മറുപടി</u>

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

| | | | |
|---|---|---|---|
| (എ) | കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ? | (എ) | കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലത്തിന്റെ നിർമ്മാണത്തിനായി NABARD RIDF-XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായി സ്ഥലം ലഭ്യമാകാതെ വന്നതിനെതുടർന്ന് ചീഫ് എഞ്ചിനീയർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ കൂട്ടായി സൈറ്റ് സന്ദർശിച്ച് ആയതിന്റെ അലൈൻമെന്റ് പുനർ നിർണ്ണയിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അതിരിൽ കൂടിയാണ് പുതുക്കിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ നല്കിയിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അപ്രോച്ച് റോഡിന്റെ നീളം കൂടിയതിനാലും അലൈൻമെന്റിന്റെ ഒരു ഭാഗത്ത് ഫിഷറീസ് വകുപ്പിന്റെ മീൻ വളർത്തൽ കുളവും മറുവശത്ത് കായലും ആയതിനാൽ റോഡ് സംരക്ഷണ ഭിത്തി ആവശ്യമായി വന്നതിനാലും താഴ്ന്ന പ്രദേശമായതിനാലും ഫില്ലിംഗ് കൂടുതൽ ആവശ്യമായി വന്നതിനാലും എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ട്. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ